1



# നടക്കുന്തോറും തെളിയും വഴികൾ

अन्तर्देशीय पत्र कार्ड
INLAND LETTER CARD

സ്ഥലം ................,
തീയതി ...............

പ്രിയപ്പെട്ട ചേച്ചീ,

എത്രനാളായി ഞാനിങ്ങു പോന്നിട്ട്! രണ്ടുമാസം. ഇത്രനാൾ തനിച്ചു വീട്ടിൽനിന്നും മാറിനിന്നിട്ടേയില്ല. ഈ യാത്ര എല്ലാ അർഥത്തിലും എനിക്കൊരു ഹിമാലയൻയാത്രയായിരുന്നു. പന്ത്രണ്ടുവർഷത്തെ സാധാരണജീവിതത്തിൽനിന്നു നേടുന്നതിലെത്രയോ അധികം അനുഭവപാഠങ്ങൾ രണ്ടുമാസത്തെ യാത്രയിൽനിന്നു ഞാൻ പഠിച്ചു. കഴിഞ്ഞ തീർഥാടനവും ഈ പഠനാടനവുംകൂടെ ജീവിതത്തിന്റെ എത്ര മുഖങ്ങളെനിക്കു കാണിച്ചുതന്നു! ഇക്കോളജിയെക്കാളും സോഷ്യോളജിയെക്കാളും പരുക്കൻ ജീവിതപാഠങ്ങളാണ് ഞാൻ നന്നായി പഠിച്ചതെന്നു തോന്നുന്നു. വഴിവക്കിലെ പെട്ടിക്കടയിൽനിന്നും ഭക്ഷണം കഴിക്കാൻ, പീടികത്തിണ്ണയിലും ചായക്കടയിലും അന്തിയുറങ്ങാൻ, അപരിചിതരുടെ സൈക്കിളിന്റെ പിന്നിലും ലോറിയിലുമൊക്കെക്കയറി യാത്രചെയ്യാൻ, റിസർവേഷനില്ലാത്ത ട്രെയിനിൽ ഇടനാഴിയിൽ പെട്ടിയിൽ കുത്തിയിരുന്നുറങ്ങാൻ, രോഗങ്ങളെ ചെറുക്കാൻ, സ്വന്തം ഭാരം സ്വയം ചുമക്കാൻ, മര്യാദക്കാരോടും മര്യാദയില്ലാത്തവരോടും പെരുമാറാൻ, സ്വയം സൂക്ഷിക്കാൻ, തനിച്ചിരിക്കാൻ - പോരേ, മറ്റൊരാളാവാൻ ഇത്രയൊക്കെ പോരേ? ഒക്കെ പ്രായോഗിക ജീവിതപാഠങ്ങൾ.

കാട്ടിനുള്ളിലെ ജീവിതത്തിന്റെ താളമൊന്നു വേറെ. അതു സുഖകരമായ അനുഭൂതിയാണ്. കാടും മലയും പുഴയും കൂടെ തന്നതൊക്കെ പറയാൻ വാക്കില്ല. ആ ഐന്ദ്രിയാനുഭൂതികൾ ഉള്ളിൽ നിറഞ്ഞുവിങ്ങുന്നത് എന്നെങ്കിലും ഇറ്റുകവിതയായെങ്കിൽ ഞാൻ ധന്യയായി.

അന്യരായ മനുഷ്യരുമായി ഇടപഴകിയപ്പോൾ അവരുടെയൊക്കെ ജീവിതാനുഭവങ്ങൾ എന്റേതായി മാറിയതുപോലെ. കണ്ണീരും നോവും ചിരിയും കലർന്ന ആ കഥകൾ എന്നെ 'സാഡർ ആന്റ് വൈസർ' ആക്കുമോയെന്നറിഞ്ഞില്ല. എന്തായാലും നിധികുംഭങ്ങളാണ് ഹിമാലയം തന്നതൊക്കെ.

ഈ യാത്ര ഒരു തുടക്കം മാത്രമാണെന്നു ഞാൻ കരുതുന്നു. അറിവിന്റെയും അനുഭൂതിയുടെയും ഈ നീരൊഴുക്ക് ഉറവപൊട്ടിത്തുളുമ്പിയത് കെട്ടിനിർത്താനുള്ളതല്ലെന്നും ഞാനറിയുന്നു. ഇതിന്റെ ആഴവും ഒഴുക്കും വർധിക്കാൻ, ഇത് എത്തേണ്ടയിടത്തു ചെന്നെത്താൻ അപ്രമേയതയുടെ കാരുണ്യം ഗംഗാപ്രവാഹമായലിഞ്ഞെത്തി എന്നെ അനുഗ്രഹിക്കട്ടെ. വേഗം നാട്ടിലെത്താം. വീട്ടിലെത്താൻ തിരക്കായി.

സ്വന്തം അനിയത്തി

കാടുകളുടെ താളം തേടി
[സുജാതാദേവി]

യാത്രകൾ എന്തിനെല്ലാം?

| |
|---|
| o വിനോദത്തിന് |
| o |
| o |
| o |
| o |

യാത്രിക നേടിയ അനുഭവപാഠങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക.

*യാത്രയിൽക്കൊണ്ട വെയിൽ...*
*തിരികെയെത്തുമ്പോൾ*
*തണലാകുന്നു*

# ശാന്തിനികേതനം

കൽക്കത്താനഗരത്തിൽനിന്ന് 100 നാഴിക അകലെക്കിടക്കുന്ന ബോൾപൂർ റെയിൽവേസ്റ്റേഷനിൽ വണ്ടിയിറങ്ങിയ ഉടനെതന്നെ, ചെറിയൊരങ്ങാടി കടക്കുന്നതോടുകൂടി, പരിഷ്കാരസ്പർശമേൽക്കാത്ത ഏകാന്തമായ ഒരുൾനാട്ടിന്റെ മടിത്തട്ടിലാണ് നാം എത്തിച്ചേരുക. നഗരത്തിന്റെ നിരന്തരമായ, ഖരഖരാരവത്തിൽനിന്നു നമുക്കു തെല്ലിട നിർവൃതി നൽകുവാൻ പോകുന്ന വിശ്വവിഖ്യാതമായ ആ കുഗ്രാമത്തിന്റെ പ്രശാന്തമൂകമായ കുശലപ്രശ്നം നമ്മുടെ ഉൾത്തളിർ കോരിത്തരിപ്പിക്കുന്നു.

ശാന്തിനികേതനത്തിലേക്ക് പോകുന്ന മൂന്നുമൈൽ നീളത്തിലുള്ള പാത മുന്നിൽ കാണുന്നു. കാളവണ്ടിച്ചക്രങ്ങളുടെ പാടുകൾ പതിഞ്ഞു കുഴിഞ്ഞും ചേടിമണ്ണ് മൂടിയും കിടക്കുന്ന ജരാനരബാധിച്ച ആ പടുകിഴവൻ പാത, പാടങ്ങളുടെ നടുവിലൂടെ അങ്ങനെ വളഞ്ഞുപോകുന്നു. ടാഗോറിന്റെ സുപ്രസിദ്ധങ്ങളായ ചില ഗ്രാമീണചെറുകഥകളിലൂടെ, ഈ നാടൻപാതയുമായി നമുക്ക് മുമ്പുതന്നെ പരിചയമുണ്ടോ എന്നു തോന്നും.



ബംഗാളിലെ ഗ്രാമങ്ങളിൽ കേരളത്തിന്റെ പ്രകൃതിഭംഗി പ്രതിഫലിച്ചു കാണുന്നു. കേരളത്തെ കൂടുതൽ കോമളമാക്കിത്തീർക്കുന്ന ഇടതിങ്ങിയ തെങ്ങിൻതോപ്പുകളുടെ പച്ചവർണ്ണപ്പകിട്ടോ ചിന്നിക്കിടക്കുന്ന കുന്നിൻനിരകളുടെ നിശ്ചലമായ പശ്ചാത്തലങ്ങളോ ബംഗാളിലെ ഉൾനാടുകളെ അനുഗ്രഹിച്ചിട്ടില്ലെങ്കിലും, മറ്റുപ്രകാരത്തിൽ ഇവ കേരളത്തിലെ ഉൾനാടുകളോട് അദ്ഭുതകരമായ സാമ്യം വഹിക്കുന്നുണ്ട്. അങ്ങിങ്ങായി തെങ്ങുകളും താലവൃക്ഷങ്ങളും തലയുയർത്തിനിൽക്കുന്ന പറമ്പുകൾ, മുളങ്കൂട്ടം തെറിച്ചുനിൽക്കുന്ന മതിലുകൾ, വാഴത്തോട്ടങ്ങൾ, പച്ചക്കറിവളപ്പുകൾ, ആൽത്തറകൾ, ആമ്പൽക്കുളങ്ങൾ ഇവയൊക്കെ ഭംഗിയിൽ നിരത്തിവച്ച ഇവിടത്തെ ചില ഗ്രാമമൂലകളിൽ വന്നുചേരുമ്പോൾ നാം മലയാളത്തെ അനുസ്മരിക്കുകയല്ല, അനുഭവിക്കുകതന്നെ ചെയ്യുന്നു. പരന്ന നെൽപ്പാടങ്ങളുടെ കരയിൽ കാണുന്ന ആ പുല്ലുമേഞ്ഞ കർഷകക്കുടിലുകൾ മലയാളക്കരയിൽനിന്ന് ഇറക്കുമതിചെയ്തതാണോ എന്നു തോന്നും. ആ മാതൃകയിലുള്ള പുല്ലുമാടങ്ങൾ, മലയാളത്തിലും ബംഗാളിലുമല്ലാതെ ഇന്ത്യയിൽ മറ്റൊരിടത്തും കാണുകയില്ല.

നമുക്കു ശാന്തിനികേതനത്തിലേക്ക് പതുക്കെ യാത്രതുടരാം. പാതയുടെ ഇരുപാടും കണ്ണെത്താത്ത ദൂരത്തോളം വ്യാപിച്ചുകിടക്കുന്ന നെൽപ്പാടങ്ങളിൽ കറുത്ത പുള്ളികൾപോലെ തോന്നുന്ന പുല്ലുമാടങ്ങളിൽനിന്ന്, അത്താഴമൊരുക്കുന്നതിന്റെ പുക, നേരിയ ചുരുളുകളായി മേഘബാധയില്ലാത്ത മാനത്തിലേക്കുയർന്നുകൊണ്ടിരിക്കുന്നു.

* * * * * *



ഇങ്ങനെ പല ഗ്രാമീണക്കാഴ്ചകളും കണ്ടുകൊണ്ട് തെല്ലുദൂരം നടന്നാൽ നാം കുറേ ചെറിയ വീടുകൾ ചിതറിക്കിടക്കുന്ന ഒരു പ്രദേശത്തു ചെന്നെത്തും. അവിടന്നങ്ങോട്ട് വഴി കാണുന്നില്ല. നാം സംശയിക്കുന്നു: വിശ്വവിഖ്യാതമായ ആ സർവകലാശാല എവിടെ?

ഞാൻ അവിടെക്കണ്ട ഒരു ബംഗാളിയോടു ചോദിക്കുകതന്നെ ചെയ്തു.

"ശാന്തിനികേതനത്തിലേക്കുള്ള വഴിയേതാണ്?" അയാൾ ആദ്യം സംശയാത്മകമായി എന്നെ ഒന്നു വീക്ഷിച്ചു. പിന്നെ എന്റെ അജ്ഞതയ്ക്ക് ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട്, നാലുപാടും ചൂണ്ടിക്കാണിച്ചു പറഞ്ഞുതന്നു: "ഇതെല്ലാം തന്നെ ശാന്തിനികേതനം." നമുക്കു വിശ്വസിക്കേണ്ടിവരുന്നു, നാം കുറഞ്ഞൊന്നു ലജ്ജിക്കുന്നു. നമ്മുടെ ഭാവനയിൽ വർത്തിച്ചിരുന്ന വിശ്വവിദ്യാലയം മാഞ്ഞുപോകുന്നു. പകരം ഒരു പുണ്യാശ്രമം മുമ്പിൽ തെളിഞ്ഞുകാണുന്നു.

അതേ, ഇന്ത്യയിലെ മറ്റൊരു വിശ്വവിഖ്യാതകലാകേന്ദ്രമായ ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയെപ്പോലെ കണ്ണഞ്ചിക്കുന്ന റോസ് വർണ്ണത്തിലുള്ള കെട്ടിടങ്ങളുടെ ഘണ്ടാകൃതിയിലുള്ള ശൃംഗങ്ങളോ സർവകലാശാലയുടെ നാമധേയം ബൃഹത് ലിപികളിൽ എഴുതിവച്ച ഗംഭീരഗോപുരദ്വാരമോ ഇവിടെ നമ്മുടെ നയനങ്ങളെ എതിരേൽക്കുവാനില്ല. ശാന്തിനികേതനത്തിന് അതിർത്തിനിർണ്ണയം ചെയ്യുന്ന ഭിത്തികൾപോലുമില്ല. വായുവിൽ സംഗീതവീചികൾപോലെ, പരിസരത്തിലെ വിശാലതയിൽ കുറേ കുടിലുകൾ ഉൾച്ചേർന്നുകിടക്കുന്നു. പുല്ലുമേഞ്ഞ കുറേ കുടിലുകളുടെയും മാന്തോപ്പുകളുടെയും പുൽത്തകിടികളുടെയും മധ്യേ ഒരു വിശ്വവിദ്യാലയം സ്ഥിതിചെയ്യുന്നുണ്ടെന്നു നമുക്കാദ്യം വിശ്വസിക്കുവാൻ കഴിയില്ലെങ്കിലും ക്രമേണ അവിടത്തെ പരിസരങ്ങളുമായി നാം പരിചയപ്പെടുമ്പോൾ നമുക്ക് തോന്നിത്തുടങ്ങും; ഹാ! കൂറ്റൻ കെട്ടിടങ്ങൾ ഈ പ്രദേശത്തെ അലങ്കോലപ്പെടുത്താഞ്ഞത് എത്ര നന്നായി എന്ന്.

* * * * * *



കറുത്ത പരുത്ത മൺചുമരുകളും പുല്ലുമേഞ്ഞ മേൽപ്പുരയുമുള്ള ഒരെളിയ പർണ്ണശാലയാണ് വിശ്രുതമായ കലാഭവനം. വിശ്വഭാരതി സർവകലാശാലയിലെ ഒരു പ്രത്യേക വിഭാഗമാണിത്. വിദഗ്ധനായ ഒരു കലാകാരന്റെ കൈപ്പാടുകൾ ഈ ഭവനത്തിന്റെ ചുമരുകളിൽ പതിഞ്ഞുകാണുന്നുണ്ട്. 1922-ലാണ് ഇത് തുടങ്ങിയത്. ഇതിനകത്ത് ചിത്രകലയിൽ പരിശീലനം നേടുന്ന വിദ്യാർഥികൾക്കുവേണ്ടുന്ന സാമഗ്രികൾ വൃത്തിയായി സജ്ജമാക്കിവച്ച പ്രത്യേകം ഇരിപ്പിടങ്ങളുണ്ട്. പ്രാചീനവും അർവാചീനവുമായ ഭാരതീയചിത്രകലകളുടെ മാതൃകകൾ കാണിക്കുവാൻ വിശ്രുത ചിത്രകാരന്മാരുടെ പ്രധാനചിത്രങ്ങൾ ചുമരുകളിൽ തൂക്കിയിട്ടിരിക്കുന്നതിനുപുറമെ ഒരു പ്രത്യേക ചിത്രകലാപ്രദർശനമുറിയും ഉണ്ട്. ഇവയിൽ ടാഗോർ വരച്ച ചില ആദ്യചിത്രങ്ങളും അദ്ദേഹത്തിന്റെ സ്വന്തം കൈയക്ഷരത്തിലുള്ള ചില ഇംഗ്ലീഷ് കവിതകളും നന്ദലാൽ ബോസിന്റെ ചില ചിത്രങ്ങളും അദ്ദേഹം ഭംഗിയായി ഇംഗ്ലീഷിൽ പകർത്തിയ Where the mind is without fear... എന്നു തുടങ്ങുന്ന 'ഗീതാഞ്ജലി'യിലെ സുപ്രസിദ്ധവരികളും നമ്മെ പ്രത്യേകം ആകർഷിക്കുന്നു. കലാഭവനവിദ്യാർഥികളുടെ പ്രത്യേകോപയോഗത്തിനായി കലാപരമായ ഗ്രന്ഥങ്ങൾമാത്രം അടങ്ങിയ ഒരൊന്നാന്തരം ഗ്രന്ഥശാലയും ഇതിലുണ്ട്.സുപ്രസിദ്ധ കലാകാരനായ നന്ദലാൽ ബോസിന്റെ കീഴിലാണ് കലാഭവനം. ഇതിനകത്തെവിടെയും ഒരു ലാളിത്യവും സ്വച്ഛതയും ശാന്തിയും തമ്മിൽ പുണർന്നുകിടക്കുന്നു. ഒരു ചിത്രകാരന്റെ ഭാവനയെ വികസിപ്പിക്കുവാൻ പര്യാപ്തമായ ഒരു പ്രത്യേകാന്തരീക്ഷവും കൃത്രിമമെന്നു തോന്നാത്ത ഒരെളിയ പശ്ചാത്തലവും കലാദേവിയുടെ ഈ കേളീഗൃഹത്തിനു മാറ്റുകൂട്ടുന്നു. കലാഭവനത്തിന്റെ പടിഞ്ഞാറുവശത്തായി സംഗീതഭവനം സ്ഥിതിചെയ്യുന്നു. ഇവിടെ സംഗീതത്തിലും നൃത്തനൃത്യങ്ങളിലും അഭ്യസനം നൽകിവരുന്നു.

ഒഴിഞ്ഞ പാടങ്ങളിലൂടെ ഇഴഞ്ഞുപോകുന്ന ഒരു ചെറിയ നിരത്ത് നമ്മെ രണ്ടുനാഴിക പടിഞ്ഞാറുള്ള ശ്രീനികേതനത്തിലേക്ക് നയിക്കുന്നു. വിശ്വഭാരതിയുടെ ഒരു വിഭാഗമായ, ഗ്രാമീണപുനരുദ്ധാരണത്തിന്റെ കേന്ദ്രമാണ്, ശ്രീനികേതനം. ശാന്തിനികേതനത്തേക്കാൾ വിശാലമായ ഒരു സ്ഥലമാണത്. "തങ്ങളുടെ സ്വന്തം സൃഷ്ടിപരവും പ്രായോഗികവുമായ കർമ്മപദ്ധതികളെക്കൊണ്ട്, ഉറപ്പോടുകൂടി, ഉൽക്കൃഷ്ടമായ ഒരടിത്തറമേൽ ദേശീയാദർശങ്ങൾ പണിയുവാൻ തന്റെ നാട്ടുകാരായ സഹോദരരെ സഹായിക്കുക" എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. ശാന്തിനികേതനത്തിലെ സംസ്കാരകേന്ദ്രത്തെ പുഷ്ടിപ്പെടുത്തുന്നതോടൊപ്പം, കുഗ്രാമങ്ങളിൽ പാർത്ത്, ദാരിദ്ര്യത്തോടെതിർത്ത്, കാർഷികവൃത്തികൊണ്ടു മാത്രം ഉപജീവനം കഴിച്ചുവരുന്ന തന്റെ ഭൂരിപക്ഷം നാട്ടുകാരുടെയും സാമ്പത്തികസ്ഥിതിയെ കൂലങ്കഷമായി പഠിച്ച്, അവരുടെ ദുരിതങ്ങൾക്കൊരു പരിഹാരം കണ്ടുപിടിക്കുവാൻ വേണ്ടിയാണ്, 1922-ൽ മഹാകവി ശാന്തിനികേതനത്തോട് അനുബന്ധിച്ചുകൊണ്ട് ഇതു സ്ഥാപിച്ചത്. ഏതുതരം ഗ്രാമീണ പര്യവേക്ഷണങ്ങൾക്കും പറ്റിയ ഒരൊതുങ്ങിയ, ശാന്തമായ പരിസരമാണ് ശ്രീനികേതനത്തിനുള്ളത്.

യാത്രാസ്മരണകൾ
[എസ്. കെ. പൊറ്റക്കാട്ട്]

ബംഗാളിലെ കാഴ്ചകൾ സ്വന്തം നാടിനെ ഓർമ്മപ്പെടുത്തുന്നത് എങ്ങനെയാണെന്ന് കണ്ടെത്തുക.

- "നഗരത്തിന്റെ നിരന്തരമായ ഖരഖരാരവം"
- "ഒഴിഞ്ഞ പാടങ്ങളിലൂടെ ഇഴഞ്ഞുനീങ്ങുന്ന ചെറിയ നിരത്ത് "

സമാനമായ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തിയെഴുതുക. ഇത്തരം പ്രയോഗങ്ങൾ യാത്രാവിവരണത്തെ കൂടുതൽ ആകർഷകമാക്കുന്നതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക.

"<u>പ്രാചീനവും</u> <u>അർവാചീനവുമായ</u> ഭാരതീയ ചിത്രകലകളുടെ മാതൃകകൾ."
അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം എന്ത്?
ഇത്തരത്തിലുള്ള കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

"പുല്ലുമേഞ്ഞ കുറേ കുടിലുകളുടെയും മാന്തോപ്പുകളുടെയും മധ്യേ ഒരു വിശ്വവിദ്യാലയം". - കലാഭവനം, സംഗീതഭവനം, ഗ്രാമീണ പുനരുദ്ധാരണ കേന്ദ്രം ശാന്തിനികേതനത്തിലെ വിദ്യാഭ്യാസരീതികളുടെ ചില പ്രത്യേകതകളാണിവ. ഇതിനെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

യാത്രാനുബന്ധമായി സുജാതാദേവി എഴുതിയ കത്തിലെയും എസ്.കെ.യുടെ യാത്രാവിവരണത്തിലെയും ആവിഷ്കാരത്തിന്റെ പ്രത്യേകതകൾ കണ്ടെത്തിയെഴുതുക.

താഴെക്കൊടുത്തിരിക്കുന്ന ഭാഗം വായിച്ച് അതിൽ വിവരിച്ചിരിക്കുന്ന മരുഭൂമിയിലെ കാഴ്ചകളെ നിങ്ങൾക്കിഷ്ടമുള്ള രൂപത്തിൽ (ചിത്രം, കവിത, ......) **ആവിഷ്കരിക്കുക.**

മരുഭൂമിയിൽ സഞ്ചരിക്കുമ്പോൾ സൂര്യൻ അസ്തമിക്കുക പൊടുന്നനെയായിരിക്കും. അസ്തമയത്തിന് ഇനിയും ഏറെനേരമുണ്ടെന്ന മട്ടിലാണ് സൂര്യൻ പെരുമാറുക. യാത്രികൻ അനന്തമായ മണൽപ്പരപ്പിൽ ഉന്മാദിയെപ്പോലെ നടക്കുന്നതിനിടയിലായിരിക്കും പെട്ടെന്ന് ഇരുട്ടിന്റെ പരശ്ശതം കമ്പളങ്ങൾ പുതപ്പിച്ച് സൂര്യൻ പിൻവാങ്ങുക. അങ്ങനെ സംഭവിച്ചാൽ കൊടുങ്കാട്ടിൽ നട്ടപ്പാതിരയ്ക്ക് കുടുങ്ങിയതുപോലെയാകുമത്. അങ്ങനെ പലതവണ മരുക്കാട്ടിൽ കുടുങ്ങിയിട്ടുണ്ട്. തപ്പിത്തടഞ്ഞ് അകലെ നിർത്തിയ വാഹനത്തിലോ വെളിച്ചമുള്ള ഹൈവേയിലോ എത്താനും കഴിഞ്ഞിട്ടുണ്ട്.

പക്ഷേ, സൂര്യൻ അസ്തമിക്കുന്നതിനു തൊട്ടുമുമ്പുള്ള കാഴ്ച രസകരമായിരിക്കും. അസ്തമയരശ്മികൾ മണൽപ്പരപ്പിൽ അസംഖ്യം പതാകകൾ തീർക്കും. ഭാഷയും ദേശവുമില്ലാത്ത ജനതയുടെ ഇനിയും പേരിടാൻ കഴിയാത്ത തരത്തിലുള്ള അസംഖ്യം പതാകകൾ. അസ്തമയത്തിനു തൊട്ടുമുമ്പ് മണൽക്കുന്നുകളിൽ പിറക്കുന്ന നിഴലുകൾക്ക് നീളവും വേഗവും കൂടും. നിഴലുകൾ കെട്ടുപിണയുമ്പോൾ പതാകകളേന്തിയ അസംഖ്യം മനുഷ്യമുഷ്ടികൾ ഉയർന്നുവരികയാണെന്ന് തോന്നും. ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും അവയെ തെളിച്ചു പോകുന്നവരും നിഴലുകളായി മാറും. ആ കാഴ്ച മനുഷ്യൻ കടന്നുവന്ന പലവഴികളെയും പെട്ടെന്ന് ഓർമ്മിപ്പിക്കും.




മരുഭൂമിയുടെ ആത്മകഥ
[വി. മുസഫർ അഹമ്മദ്]

"ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും
അവയെ തെളിച്ചുപോകുന്നവരും നിഴലുകളായി മാറും." -

കാഴ്ചകളെ ദൃശ്യാനുഭവമാക്കിമാറ്റുന്ന അവതരണമാണ് 'മരുഭൂമിയുടെ ആത്മകഥ' എന്ന യാത്രാക്കുറിപ്പിൽ. മറ്റു സന്ദർഭങ്ങൾകൂടി **കണ്ടെത്തിയെഴുതുക.**

നീ ഇവിടെ എത്തിയിട്ട് എത്രനാളായി!
നീ ഇവിടെ എത്തിയിട്ട് എത്രനാളായി?

ഈ രണ്ടുവാക്യങ്ങളിലെയും ചിഹ്നങ്ങളിലെ വ്യത്യാസം കണ്ടെത്തി അവ വാക്യങ്ങൾക്കു നൽകുന്ന അർഥവ്യത്യാസം വിശദീകരിക്കുക. ചിഹ്നങ്ങൾ ഉപയോഗിച്ച മറ്റുസന്ദർഭങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി അവയുടെ അർഥവ്യത്യാസം വ്യക്തമാക്കുക.

വിഷ്വൽ ട്രാവലോഗുകൾ, ഷോട്സ്, റീൽസ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ട മുന്നൊരുക്കങ്ങളെന്തെല്ലാം? **ചർച്ചചെയ്യുക.**

നിങ്ങളുടെ നാടിനെ പരിചയപ്പെടുത്തുന്ന ഒരു **വിഷ്വൽ ട്രാവലോഗ് തയ്യാറാക്കുക.**

വിവിധ യാത്രാനുഭവങ്ങൾ പരിചയപ്പെട്ടല്ലോ. നിങ്ങൾ നടത്തിയ ഒരു യാത്രയെക്കുറിച്ച് വിവരണം തയ്യാറാക്കുക. എല്ലാ കൂട്ടുകാരുടെയും യാത്രാവിവരണങ്ങൾ ശേഖരിച്ച് ക്ലാസടിസ്ഥാനത്തിൽ **പതിപ്പ് തയ്യാറാക്കുക.**

***ഇളംകാറ്റിൽ തൂവലുകൾ മണ്ണിലേക്ക്...***
***പറവയുടെ വഴികൾ തെളിയുന്നു.***

# സ്മാരകം

അപ്പൂപ്പൻതാടിയുടെ പറക്കത്തെ
വിനീതമായ ഒരു ശ്രമമായി കാണണം
ചിറകുകളില്ല
ദേശാന്തരം വിധിച്ചിട്ടില്ല
ആകാശവും സ്വന്തമല്ല
എന്നിട്ടും അതു പറക്കുന്നു
കുഞ്ഞിനെ എന്നപോലെ
വിത്തിനെ മടിയിൽ വച്ച്.





'അതു കാണും സ്വപ്നത്തിലെ
മരത്തിന്റെ തണലിൽ
നാളെയൊരാൾ വന്നിളവേൽക്കും'
എന്ന കവിത അതിനറിയില്ല
അറിവില്ലായ്മയുടെ ഭാരക്കുറവിൽ
അതു പറക്കുന്നു.

അതിനെ പക്ഷി എന്നു വിളിക്കാതിരിക്കാൻ
നാം കാണിക്കുന്ന കരുണയിൽ
അതു കുറച്ചുകൂടി ദൂരം പോയേക്കും

ധീരമെങ്കിലും എളിയ അതിന്റെ ശ്രമം
വീണുപോകുന്നിടത്ത്
സ്മാരകമായി
ഉയർന്നുവന്നേക്കും
ആരുമറിയാതെ
നാളെ ഒരു മരം.

**മിണ്ടാപ്രാണി**
**[വീരാൻകുട്ടി]**

"അപ്പൂപ്പൻതാടിയുടെ പറക്കത്തെ വിനീതമായ ഒരു ശ്രമമായി കാണണം"- കവി ഇങ്ങനെ പറയാൻ കാരണമെന്താവാം? കണ്ടെത്തിയെഴുതുക.

"കുഞ്ഞിനെ എന്നപോലെ വിത്തിനെ മടിയിൽ വച്ച് " എന്ന പ്രയോഗത്തിന്റെ പൊരുൾ ചർച്ചചെയ്യുക.

'ധീരമെങ്കിലും എളിയ ശ്രമം' എന്നാണ് അപ്പൂപ്പൻതാടിയുടെ പറക്കലിനെ കവി വിശേഷിപ്പിക്കുന്നത്. ഈ വിശേഷണം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാമാണ്? കുറിപ്പ് തയ്യാറാക്കുക.

"ഒരു വിത്തിന്റെ വിനീതമായ യാത്രയെ മഹത്തായ ജീവിതയാത്രയായി ആവിഷ്കരിക്കുകയാണ് കവി."

ഈ പ്രസ്താവനയുടെ സാധുത വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- "എനിക്ക് ഒന്നും അറിയില്ല എന്ന തിരിച്ചറിവാണ് ഏറ്റവും വലിയ ജ്ഞാനം" - സോക്രട്ടീസ്
- "അറിവില്ലായ്മയുടെ ഭാരക്കുറവിൽ അത് പറക്കുന്നു"- വീരാൻ കുട്ടി

സോക്രട്ടീസിന്റെ വാക്കുകളും കവിതാഭാഗവും താരതമ്യം ചെയ്യുക.

"ഇവിടെയുണ്ടു ഞാൻ, എന്നറിയിക്കുവാൻ
മധുരമായൊരു കൂവൽ മാത്രം മതി"

ലളിതം
[പി. പി. രാമചന്ദ്രൻ]

ഈ വരികളുടെ ആശയംകൂടി പരിഗണിച്ച് 'സ്മാരകം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

*വഴിയോരക്കാഴ്ചകൾ കഴിയുന്നു...*
*ഇരുൾവീഴും വഴികളിൽ ആരുടെ കാലൊച്ച...?*

# മണൽക്കൂനകൾക്കിടയിലൂടെ



*നാട്ടിൽ മണൽവാരൽ തൊഴിലാളിയായിരുന്നു നജീബ്. ജീവിതപ്രയാസങ്ങളിൽനിന്ന് രക്ഷനേടാൻ ഏറെ പ്രതീക്ഷകളോടെ ഗൾഫിലേക്ക് പോകാൻ ഒരുങ്ങുന്നു. കൂടെ പരിചയക്കാരനായ ഹക്കീമും. ബോംബെ വഴി സൗദിഅറേബ്യയിലേക്ക് പുറപ്പെടുന്ന അവർക്ക് അയൽക്കാരനായിരുന്ന ശശി ബോംബെയിൽവച്ച് എല്ലാ സഹായവും ചെയ്തുകൊടുക്കുന്നു. റിയാദിൽ വിമാനം ഇറങ്ങിയ അവർ എയർപോർട്ടിൽ ഏറെനേരം അർബാബിനെ (സ്പോൺസർ) കാത്തിരുന്നു. ഇതിനിടയിൽ അവിടെയെത്തിയ ആൾ തങ്ങളുടെ അർബാബാണെന്ന് കരുതി രണ്ടുപേരും അയാൾക്കൊപ്പം പോകുന്നു...*

ഞാൻ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും പഴക്കംചെന്ന ഒരു വണ്ടിയായിരുന്നു എന്റെ അർബാബിന്റേത്. ഡോറും ബോണറ്റും ടോപ്പും ഒക്കെ പെയിന്റിളകി തുരുമ്പുപിടിച്ചിരിക്കുന്നു. ഡോറുകളുടെ ലോക്ക് നഷ്ടപ്പെട്ട് കയറുകൊണ്ട് കെട്ടിവച്ചിരിക്കുകയാണ്. സീറ്റിന്റെ കുഷ്യനിളകി സ്പ്രിംഗുകൾ വെളിയിൽ കാണാമായിരുന്നു.

വണ്ടിക്ക് അടുത്തെത്തിയതും അർബാബ് എന്റെ ബാഗ് തട്ടിപ്പറിച്ച് വണ്ടിയുടെ പിറകിലെ തുറന്ന ഭാഗത്തേക്ക് ഒരേറുവച്ചുകൊടുത്തു. അർബാബ്! എന്റെ ഉമ്മ തന്നയച്ച മീൻ അച്ചാർ. എന്റെ സൈനുവിന്റെ നാരങ്ങാ അച്ചാർ... എന്റെ ചങ്കുപൊള്ളിപ്പോയി. ഹക്കീമിന്റെ ബാഗ് തട്ടിപ്പറിക്കുന്നതിനു മുൻപ് അവൻ അത് ഓടിക്കൊണ്ടുപോയി പിറകിൽ വച്ചു. അവന്റെ കൈയിൽ അച്ചാറും വെളിച്ചെണ്ണയും അടക്കം കുപ്പി ഐറ്റംസ് കുറേയേറെ ഉണ്ടായിരുന്നു.

അർബാബ് ഡ്രൈവർവശത്തെ വാതിൽ തുറന്ന് സീറ്റിലേക്കു ചാടിക്കയറി ഇരുന്നു. സത്യത്തിൽ ഡ്രൈവറെക്കൂടാതെ മറ്റൊരാൾക്കുകൂടി ഇരിക്കാനുള്ള സ്ഥലമേ ക്യാബിന്റെയുള്ളിലുള്ളൂ. ഞാനും ഹക്കീമും കൂടി...?! ങാ എങ്ങനെയെങ്കിലും ഞെക്കിഞെരുക്കിയിരിക്കാം. ഞാൻ മറുഡോർ തുറക്കാൻ ആഞ്ഞതും അർബാബ് എന്തോ ഒന്ന് അലറി. ഞാൻ ഞെട്ടി പിറകോട്ടു മാറി. അർബാബ് പിറകിലേക്കു കൈചൂണ്ടി. ഒന്നും മനസ്സിലാവാതെ ഞങ്ങൾ ഡോറിൽ പിടിച്ചുതന്നെ നിന്നു. അർബാബ് പിന്നെയും കൈചൂണ്ടി 'യാ... അള്ളാ...' എന്ന് അലറി. പിന്നെ കോപത്തോടെ വാതിൽ തുറന്നിറങ്ങിവന്ന് എന്റെ കൈപിടിച്ച് പിന്നിലേക്ക് കൊണ്ടുപോയി പിറകുവശത്തെ തുറന്ന ക്യാബിനിലേക്കു തള്ളി. അത് കണ്ടു ഹക്കീം അവിടേക്ക് ചാടിക്കയറി. അർബാബ് തിടുക്കത്തിൽച്ചെന്ന് വണ്ടി സ്റ്റാർട്ടാക്കി ഓടിച്ചുപോയി.

വണ്ടിയുടെ പിൻഭാഗത്ത് രണ്ടുമൂന്നു വലിയ അലുമിനിയം പാത്രങ്ങളും കുറച്ചു പുല്ലും കുറേ ചാക്കുകെട്ടുകളും ഉണ്ടായിരുന്നു. സൈഡിലെ അഴിയിൽ പിടിച്ച് വല്ലവിധേനയും ഞങ്ങൾ അവിടെ ഇരുന്നു. ഏതോ പുരാതനലോകത്തുനിന്നും ഇറക്കിക്കൊണ്ടുവന്നതുപോലെ പഴഞ്ചനായിരുന്നെങ്കിലും വണ്ടിക്ക് നല്ല സ്പീഡുണ്ടെന്നു തോന്നി. അതിന്റെ ഇരമ്പലും ചിലമ്പലും മാത്രമായിരുന്നു അതികഠിനം. എന്നാൽ എയർപോർട്ടുവഴിവിട്ട് പ്രധാന നിരത്തിലേക്ക് ഇറങ്ങിക്കഴിഞ്ഞപ്പോഴാണ് അതിന്റെ ശരിക്കുമുള്ള വേഗം എനിക്കു ബോധ്യപ്പെട്ടത്. നൂറുകണക്കിന് വാഹനങ്ങൾ അതിനെ നിർദാക്ഷിണ്യം പിന്തള്ളിക്കൊണ്ടിരുന്നു. അത് ആകെ പിന്തള്ളുന്നത് സ്വന്തം പുകക്കുഴൽ ഊതിവിടുന്ന കരിമ്പുക മാത്രം. ഗൾഫിന്റെ വീഥികളിലൂടെയുള്ള എന്റെ ആദ്യയാത്ര. അതിങ്ങനെ തുറന്ന വണ്ടിയിൽ ആയത് എന്നെ കുറച്ച് വേദനിപ്പിച്ചെങ്കിലും കൂടുതൽ സന്തോഷിപ്പിക്കുകയാണ് ചെയ്തത്. വഴിയുടെ ഇരുഭാഗത്തുമുള്ള നീളൻ കെട്ടിടങ്ങളുടെയും പ്രഭാപൂരത്തിന്റെയും കാഴ്ചയത്രയും, അതിന്റെ മനോഹാരിതയെല്ലും ചോരാതെ കാണാൻ അതുകൊണ്ടുമാത്രം എനിക്കു കഴിഞ്ഞു. അർബാബിനൊപ്പം മുൻസീറ്റിലാണ് ഞാനിരുന്നതെങ്കിൽ എനിക്കു ഗൾഫിനെ

അതിന്റെ പൂർണ്ണതയിൽ ഇങ്ങനെ കാണാൻ കഴിയുമായിരുന്നോ? വഴിയിൽ രാത്രി പിറന്നിരുന്നതുകൊണ്ട് മറ്റു വാഹനങ്ങളിൽ സഞ്ചരിക്കുന്ന ആർക്കും ഞങ്ങളെ കാണാനും കഴിയുമായിരുന്നില്ല.

എത്രനേരം, ആ പിന്നിലിരിപ്പുയാത്ര നീണ്ടെന്ന് എനിക്കുതന്നെ നിശ്ചയമില്ല. ഹക്കീമിന് ഒട്ടുമേ നിശ്ചയമുണ്ടായിരുന്നിരിക്കില്ല. നഗരത്തിന്റെ പ്രഭാപൂരം പതിയെ അസ്തമിക്കുകയായിരുന്നു. നീളൻപാതകൾ നഗരം വിട്ടൊഴിയുന്നത് ഞാനറിഞ്ഞു. ഞങ്ങളെ കടന്നുപോകുന്ന വാഹനങ്ങളുടെ എണ്ണവും കുറഞ്ഞു. വെളിച്ചമെന്നത് തെരുവിൽ ഇടവിട്ട് തെളിയുന്ന നിയോൺ വെളിച്ചം മാത്രമായി. കുറേനേരംകൂടി കഴിഞ്ഞപ്പോൾ യാത്ര നീളൻപാതകൾ ഉപേക്ഷിച്ച് ഇടവഴിയിലേക്കു തിരിയുന്നത് ഞാനറിഞ്ഞു. പ്രകാശമെന്നത് അപ്പോൾ വളരെ അകലെയകലെ വരുന്ന വിളക്കുകാലുകൾ മാത്രമായി. ഇടയ്ക്കെപ്പോഴോ നോക്കിയപ്പോൾ ഹക്കീം ആ ചാരിയിരിപ്പിൽ ഉറങ്ങിക്കഴിഞ്ഞിരുന്നു. നല്ല യാത്രാക്ഷീണം കാണും, ഉറങ്ങിക്കോട്ടെ എന്ന് ഞാനും വിചാരിച്ചു. യാത്ര ഇടവഴികൾവിട്ട് മൺപാതയിലേക്കു പ്രവേശിക്കുന്നത് ഞാനറിഞ്ഞു. അപ്പോൾ പ്രകാശം പൂർണ്ണമായി ഇല്ലാതായിക്കഴിഞ്ഞിരുന്നു. പിന്നെ അന്ധകാരം മാത്രം. പൊടിപടലം പറത്തിക്കൊണ്ട് ആ വാഹനം മണൽക്കൂനകൾക്കിടയിലൂടെ ഓടിക്കൊണ്ടേയിരുന്നു.

വിമാനത്തിൽനിന്നും എത്രയോ മണിക്കൂറുകൾക്കു മുമ്പ് കിട്ടിയ ഇത്തിരി പച്ചവെള്ളം മാത്രമായിരുന്നു എന്റെ അന്നത്തെ അതുവരെയുള്ള ആഹാരം.



വല്ലതും കഴിച്ചിട്ടിറങ്ങാൻ ശശി നിർബന്ധിച്ചിട്ടും കാലത്തെ വെപ്രാളത്തിനു കഴിക്കാൻ തോന്നിയിരുന്നില്ല. വിമാനത്തിൽനിന്ന് കിട്ടിയ എന്തൊക്കെയോ ആഹാരങ്ങൾ കഴിക്കേണ്ട വിധം നിശ്ചയമില്ലാതിരുന്നതിനാൽ കഴിക്കാനും പറ്റിയില്ല. എനിക്കു സത്യത്തിൽ നന്നായി വിശക്കുന്നുണ്ടായിരുന്നു. ഒരു പ്രാവശ്യം മണൽവാരി കരസ്സ് അടുപ്പിക്കുമ്പോഴുണ്ടാകുന്ന മാതിരിയുള്ള കത്തുന്ന വിശപ്പ്. എയർപോർട്ടിൽവച്ച് ഞാൻ വിശപ്പിന്റെ കാര്യം പറഞ്ഞപ്പോൾ ഞാനിപ്പോൾ വിശന്നു ചത്തേക്കുമെന്നാണ് ഹക്കീം പറഞ്ഞത്.
'അർബാബ്, ഈ വണ്ടി എവിടെയെങ്കിലും ഒന്നു നിർത്തി ഞങ്ങൾക്കിത്തിരി ആഹാരം വാങ്ങിച്ചുതരൂ.... ഞങ്ങൾക്ക് ഇത്തിരിവെള്ളം മേടിച്ചുതരൂ...' എന്ന് അലറി വിളിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ശബ്ദം തൊണ്ടയിൽ കുരുങ്ങിക്കിടന്നതല്ലാതെ ഒട്ടും പുറത്തേക്കു വന്നതേയില്ല. പേടിയായിരുന്നു. ആ നിലവിളി അർബാബിന് ഇഷ്ടമായില്ലെങ്കിലോ എന്ന പേടി. അത് തന്നെയുമല്ല, കനത്ത ഇരുട്ടല്ലാതെ ആഹാരം കഴിക്കാൻ പാകത്തിൽ കടകളെന്തെങ്കിലും ഉള്ളതിന്റെ സൂചന വഴികാണിച്ചതുമില്ല. വണ്ടി മൺപാതയിലൂടെ ഓട്ടം തുടങ്ങിയിട്ടുതന്നെ മണിക്കൂർ ഒന്നെങ്കിലും പിന്നിട്ടിരിക്കണം. കുലുങ്ങിക്കുലുങ്ങി എനിക്കു നടു വേദനിക്കാൻ തുടങ്ങിയിരുന്നു. ശ്വസിക്കാൻ ബുദ്ധിമുട്ടുംവിധത്തിൽ പൊടിപടലങ്ങൾ ഉയർന്നുപൊങ്ങുന്നുണ്ട്. എന്തൊരു യാത്രയാണിത്, എന്റെ പടച്ചോനേ... ഞാൻ അറിയാതെ പറഞ്ഞുപോയി.



മണൽക്കൂനകൾക്കിടയിലൂടെ

അന്നേരം മുതൽ എന്തെന്നറിയാത്ത ഭീതി ഒരു മണിയനീച്ചയെപ്പോലെ എന്റെ മനസ്സിനെ വലംവച്ച് തുടങ്ങി. അകാരണമായ ഒരു സംശയം മനസ്സിനെ ഇറുക്കാൻ തുടങ്ങി. ഞാൻ മോഹിച്ച തരം, ഞാൻ സ്വപ്നംകണ്ട തരം ഒരു ഗൾഫിലേക്കല്ല എന്റെ ഈ യാത്ര നീളുന്നത് എന്നൊരു തോന്നൽ. വെറുതേ ഒരു തോന്നൽ. ഞാൻ ആരിൽനിന്നൊക്കെയോ കേട്ടറിഞ്ഞ ഗൾഫ് ഇങ്ങനെയൊന്നുമല്ല. എന്തോ എവിടെയോ ഒരു കുഴപ്പം മണക്കുന്നതുപോലെ. ഒന്നും വ്യക്തമല്ല. ഈ സംശയം ഹക്കീമിനോട് പങ്കുവച്ചിരുന്നെങ്കിൽ അല്പം ആശ്വാസം കിട്ടുമായിരുന്നു. എന്നാൽ അവൻ നല്ല ഉറക്കമാണ്. ഉറങ്ങട്ടെ. ഒരുപക്ഷേ എന്റെ ആധി കേട്ടിരുന്നെങ്കിൽ അവൻ അപ്പോഴേ കരച്ചിൽ തുടങ്ങുമായിരുന്നിരിക്കണം.

സമയം എത്രയായെന്ന് അറിയാൻ യാതൊരു മാർഗവും ഉണ്ടായിരുന്നില്ല. ശശിക്കു വാച്ചൂരിക്കൊടുക്കാൻ തോന്നിയ നിമിഷത്തെ വീണ്ടും ശപിച്ചു. അല്ലെങ്കിൽ എത്തുമ്പോൾ എത്തട്ടെ. സമയം അറിഞ്ഞിട്ട് എന്തു ചെയ്യാൻ...?! എന്റെ സ്വന്തം അർബാബിന്റെ വാഹനത്തിലാണ് ഞാൻ യാത്രചെയ്യുന്നത്. അദ്ദേഹത്തിന്റെ കൈയിൽ എന്റെ ജീവിതം സുരക്ഷിതവും ശോഭനവുമാണ്. പിന്നെ സമയത്തെയോർത്ത് ഞാൻ എന്തിനു വേവലാതിപ്പെടണം...?! ഞാൻ വണ്ടിയുടെ പിറകിൽ ഉണ്ടായിരുന്ന ഒരു പുൽക്കെട്ടിലേക്ക് തല മെല്ലെ ചായ്ചുവച്ചു കിടന്നു. മേലെ ആകാശത്ത് നക്ഷത്രങ്ങൾ അവയുടെ വെളിച്ചം ഒളിപ്പിച്ച് ഉറക്കമായിക്കഴിഞ്ഞിരുന്നു. വെറുതെ ആ കറുത്ത ആകാശശൂന്യതയിലേക്ക് കണ്ണുമിഴിച്ച് ഞാൻ കിടന്നു. വണ്ടിയുടെ ഒടുങ്ങാത്ത കുലുക്കവും ഇരമ്പലും എനിക്ക് ആ യാത്രാക്ഷീണത്തിൽ താരാട്ടായി. ആ കിടപ്പിൽക്കിടന്ന് ഞാൻ എപ്പോഴോ ഉറങ്ങിപ്പോയി.

ആടുജീവിതം
[ബെന്യാമിൻ]



"അന്നേരം മുതൽ എന്തെന്നറിയാത്ത ഭീതി ഒരു മണിയനീച്ചയെപ്പോലെ എന്റെ മനസ്സിനെ വലംവച്ചു തുടങ്ങി"
ഈ വാക്യത്തിൽനിന്ന് നജീബിന്റെ യാത്രയെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ കണ്ടെത്താം?

"മരുഭൂമിയിൽ മരിക്കുന്ന ഒട്ടകത്തിനറിയാം
നീരുറവയുടെ ആഴം
കിണറ്റിലെ തവളയോടു ചോദിക്കൂ
കടലിന്റെ വലുപ്പം"

താജിൽ, വീണ്ടും
[സച്ചിദാനന്ദൻ]

ഈ കവിതാഭാഗത്തെ ആശയതലത്തിന്റെ അടിസ്ഥാനത്തിൽ 'നജീബിന്റെ മരുഭൂമിയിലെ അനുഭവങ്ങൾ' വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഗൾഫിലെ ആദ്യദിവസത്തെ യാത്രാനുഭവത്തെക്കുറിച്ച് നജീബ് തന്റെ കൂട്ടുകാരന് അയയ്ക്കാനിടയുള്ള ശബ്ദസന്ദേശം (വോയ്സ് മെസേജ്) തയ്യാറാക്കുക.

വിമാനത്തിൽനിന്നും എത്രയോ മണിക്കൂറുകൾക്കു മുമ്പ് കിട്ടിയ ഇത്തിരി പച്ചവെള്ളം മാത്രമായിരുന്നു എന്റെ അന്നത്തെ അതുവരെയുള്ള ആഹാരം.
അടിവരയിട്ടിരിക്കുന്ന പദം നൽകുന്ന അർഥമെന്ത്? ഇതുപോലെ 'പച്ച' ചേർന്നു വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തി അർഥതലം വ്യക്തമാക്കുക.
ഉദാ: പച്ചപ്പരിഷ്കാരി, പച്ചമനുഷ്യൻ

"മധുരമായ ഗദ്യം, അനുഭവതീവ്രമായ പ്രമേയം, മലയാളിത്തം എല്ലാം ഒത്തിണങ്ങിയ നോവലാണ് ബെന്യാമിന്റെ ആടുജീവിതം. മരുഭൂമിയുടെ വിഭ്രാമകമായ സൗന്ദര്യം, മരുലോകത്തിന്റെ സവിശേഷതകൾ ഇതൊന്നും മലയാള നോവലിൽ ഇത്ര ആഴത്തിൽ ഇതിനുമുമ്പ് രേഖപ്പെടുത്തിയിട്ടില്ല. മലയാളസാഹിത്യത്തെയും ഭാഷയെയും ഈ നോവൽ ഏറെ ഉയരത്തിലെത്തിച്ചിരിക്കുന്നു"- **പി. വത്സല**

പി. വത്സല 'ആടുജീവിത'ത്തെക്കുറിച്ച് അഭിപ്രായപ്പെട്ടത് മനസ്സിലാക്കിയല്ലോ. ഏറെ ചർച്ചചെയ്യപ്പെട്ട ഈ നോവൽ വായിച്ച് പുസ്തകാസ്വാദനക്കുറിപ്പ് തയ്യാറാക്കുക. കൂട്ടുകാരുടെ ആസ്വാദനക്കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കാം.